# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2623 — 19.03.2015 -ൽ മറുപടിയ്ക്ക്

## സ്വകാര്യ മേഖലയിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.എഫ്.തോമസ്<br>ശ്രീ. റ്റി.യു.കുരുവിള<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ | **ശ്രീ.ഷിബു ബേബി ജോൺ**<br>(ബഹു.തൊഴിലും നൈപുണ്യവും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നവീകരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നവീകരണത്തിന്റെ ഭാഗമായി 2012-13 കാലഘട്ടത്തിൽ ആരംഭിച്ച പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് ടി പദ്ധതിയുടെ ലക്ഷ്യം.<br>എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നവീകരിക്കുന്നതിന്റെ ഭാഗമായി എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും കമ്പ്യൂട്ടർവൽക്കരണം ഏർപ്പെടുത്തികഴിഞ്ഞു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള സേവനങ്ങൾ ഓൺലൈനായി 24x7 അടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിനായുള്ള സോഫ്റ്റ്വെയർ വികസിപ്പിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ നടന്നു വരുന്നു. |
| (ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി സ്വകാര്യമേഖലയിലും ജീവനക്കാരെ ലഭ്യമാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ? | (ബി) എംപ്ലോയ്മെന്റ് വകുപ്പ മുഖാന്തിരം ആരംഭിച്ച എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ സ്കിൽ ഗ്യാപ് കണ്ടുപിടിച്ച് സോഫ്റ്റ് സ്കില്ലിനായി പരിശീലനം നൽകി അവരെ തൊഴിൽ നിപുണരാക്കുകയും സ്വകാര്യമേഖലയിലെ തൊഴിൽ ദാതാക്കളുമായി ചേർന്ന് ഇപ്രകാരം നിപുണരാക്കിയ ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിൽ തൊഴിൽ ലഭ്യമാക്കുവാൻ സഹായിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ